(ഡി) കൊല്ലം ടി.കെ.എം. എഞ്ചിനീയറിംഗ് കോളേജിലെ ആർക്കിടെക്ടുമാരായ പ്രൊഫ. യൂജിൻ എൻ. പണ്ടാല, ശ്രീ. എൻ. രാമസ്വാമി എന്നിവർ. പതിനൊന്നാം ധനകാര്യ കമ്മീഷന്റെ ശുപാർശ അനുസരിച്ച് കേന്ദ്ര ടൂറിസം വകുപ്പിന്റെ മുന്നര കോടി രൂപയാണ് കേന്ദ്രസഹായം.

പേരാമ്പ്ര, നൊച്ചാട് ഹരിജൻ കോളനിയിലെ കുടിവെള്ളപ്രശ്നം

60 [223] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ നൊച്ചാട് പഞ്ചായത്തിലെ കിളിയായി മീത്തൽ ഹരിജൻ കോളനിയിലെ കുടിവെള്ളം നിലച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുടിവെള്ളം നിലയ്ക്കാനുണ്ടായ കാരണം വ്യക്തമാക്കാമോ;

(സി) കുടിവെള്ളം കൃത്യമായി ലഭ്യമാക്കാൻ സ്ഥിരം സംവിധാനം ഉണ്ടാക്കാൻ എന്തു നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത പദ്ധതി കേരള വാട്ടർ അതോറിറ്റി നൊച്ചാട് ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുള്ളതാണ്. പഞ്ചായത്താണ് പദ്ധതിയുടെ മെയിന്റനൻസ് നടത്തി വരുന്നത്. പമ്പിംഗ് മെയിൻ തകരാറായതു കാരണമാണ് ജലവിതരണം നിലച്ചതെന്ന് പഞ്ചായത്തധികൃതർ അറിയിച്ചിട്ടുണ്ട്.

(സി) കുടിവെള്ളം ലഭ്യമാക്കാനുള്ള നടപടികൾ ഗ്രാമപഞ്ചായത്തിന് കൈക്കൊള്ളാവുന്നതാണ്.

കൂട്ടനാട് അപ്പർ കുട്ടനാട് മേഖലകളിലെ കൃഷിനാശം

61 [224] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടപ്പള്ളി സ്പിൽവേയുടെ പഴകി ദ്രവിച്ച ഷട്ടറുകളിൽകൂടി ഓരുവെള്ളം കയറി കുട്ടനാട് അപ്പർ കുട്ടനാട് മേഖലകളിൽ വൻ തോതിൽ കൃഷി നാശം ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് ഹൈക്കോടതിയിൽ എന്തെങ്കിലും കേസ് നിലവിലുണ്ടോ; എങ്കിൽ വിശദാശം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly